കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ഐഡികെ. (പി6)964/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 26/10/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ഐഡികെ.(പി6)964/2024 തീയ്യതി: 26/10/2024

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-08-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.മിനു പി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	02-09-2024	10-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-09-2024	10-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ (02.09.2024 മാത്രം)
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സ്വപ്ന വി. സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. റ്റി. സി. ജോബ്	പ്രസിഡന്റ്	01-04-2023	30-06-2023

ശ്രീ. പി. എസ്. ജേക്കബ്	പ്രസിഡന്റ്	01-07-2023	24-07-2023
ശ്രീ. ടോണി കുര്യാക്കോസ്	പ്രസിഡന്റ്	25-07-2023	31-03-2024
ശ്രീമതി സുശീല കെ. എൻ.	സെക്രട്ടറി	01-04-2023	07-07-2023
ശ്രീമതി. എ. ആർ. ഉഷ	സെക്രട്ടറി	08-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കുട്ടിച്ചൻ എം.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. അനു മാർട്ടിൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	05-07-2023
ഡോ. ബി. സുധാകർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	06-07-2023	31-03-2024
ഡോ. ജോൺ ജേക്കബ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. ഷിനോജ് തോമസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ശ്രീമതി. അനു സുധാകരൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ. ആനന്ദ് വിഷ്ണു പ്രകാശ്	കൃഷി ഓഫീസർ	01-04-2023	08-05-2023
ശ്രീമതി. സിമോണി ജോസ്	കൃഷി ഓഫീസർ	09-05-2023	31-03-2024
ശ്രീമതി. റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	12-07-2024
ശ്രീമതി. ജാസ്മിൻ സി.എ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	13-07-2023	31-03-2024
ശ്രീമതി. ഉഷ കെ. കെ.	ഹെഡ്മിസ്ട്രസ്, എൻ.എസ്.എസ്.ജി.എൽ.പി.എസ്,ചിറ്റൂർ	01-04-2023	31-03-2024
ശ്രീമതി. ദീപ്തി എൻ.	വി.ഇ.ഒ. അരിക്കുഴ സർക്കിൾ	01-04-2023	31-03-2024
ശ്രീമതി. സരിത ഇബ്രാഹിം	വി.ഇ.ഒ. പെരിയാമ്പ്ര സർക്കിൾ	01-04-2023	04-07-2023
ശ്രീമതി. മഞ്ജുഷ പി.കെ.	വി.ഇ.ഒ. പെരിയാമ്പ്ര സർക്കിൾ	05-07-2023	31-03-2024
ശ്രീമതി. സിനു ജോൺ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല .	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-2
4	ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല .	1-1-3
5	തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല	1-1-5
7	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല	1-1-6
8	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചെലവ് ചെയ്തിട്ടില്ല	1-1-7
9	B-5, B-16 എന്നിവ പൊരുത്തപ്പെടുന്നില്ല	1-1-8
10	ലോൺ തിരിച്ചടവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-9
11	ധനകാര്യകമ്മിഷൻ ഗ്രാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	ഗ്രാന്റ് വിനിയോഗം	1-3
14	പദ്ധതി അവലോകനം	1-4
15	തൊഴിലുറപ്പ് പദ്ധതി	1-5
16	ക്ഷേമ പെൻഷനുകൾ	1-6
17	ക്യാഷ് ബാലൻസ് പരിശോധന	1-7
18	ആഭ്യന്തര നിയന്ത്രണം	1-8
19	വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-9
20	ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്	1-10
21	ലേലനടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്	1-11
22	വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല	1-12
23	ഉപയോഗക്രമം വ്യത്യാസപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു	1-13
24	ലൈസൻസ് വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്	1-14
25	കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനച്ചെലവ്- സർക്കാർ മാനദണ്ഡപ്രകാരമല്ലാതെ അധികം തുക ചെലവഴിച്ചു	1-15
26	തെരുവു വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല	1-16
27	ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതു വരെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-17
28	ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - വിതരണം ചെയ്യാതെ അവശേഷിക്കുന്നു	1-18
29	കാലിത്തൊഴുത്ത് നവീകരണം -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവ്	1-19
30	ക്ഷീരകർഷകർക്ക് തൊഴുത്തിലേക്ക് റബ്ബർമാറ്റ് നല്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-20
31	പത്രപ്പരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല	1-21
32	മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ- അവലോകനം	1-22
33	പഞ്ചായത്തിന്റെ വാഹനം സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്	1-23
34	നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അധിക തുക നൽകി	1-24
35	നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- സബ്സിഡി നൽകിയതിലെ അപാകതകൾ	1-25

36	സംയോജിത കൃഷിയിടം - സബ്സിഡി മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചില്ല	1-26
37	താൽക്കാലിക ജിവനക്കാരുടെ കരാർ വർഷാവർഷം പുതുക്കുന്നില്ല	1-27
38	ഹോമിയോ മരുന്നുകൾ നാളിതുവരെയും ലഭ്യമായില്ല	1-28
39	തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല	1-29
40	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല	1-30
41	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല	1-31
42	ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-32
43	ഓഡിറ്റ് ഇംപാക്ട്	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി -അധിക തുക ആനുകൂല്യം നൽകിയതിനാൽ നഷ്ടം ₹70500/-	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്റ്റുകൾ	4-1
2	മൊബിലൈസേഷൻ അഡ്വാൻസ്	4-2
3	നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	വായ്പ വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.06.2024 -ലെ 1(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക

പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

26.10.2024 ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള തൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generate By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

Net Increase In Cash And Cash Equilance	4359971
Net Cash Generate By Operating + Investing + Financinf Activity	(-)766364

1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല .

6/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

1-1-4 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രൂ ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്.

1-1-5 മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല. വിശദാംശം താഴെ ചേർക്കുന്നു.

വൗച്ചർ നമ്പർ /തിയതി	ചെക്ക് നമ്പർ /തിയതി	തുക ₹
22301042/ 21-03-2024	333863/ 20-03-2024	4,853
22301045/ 21-03-2024	333863/ 20-03-2024	8,771

1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

ഗ്രാന്റിനം	BANK AC പ്രകാരം നീക്കിയിരിപ്പ്	B-4 പ്രകാരം നീക്കിയിരിപ്പ്
CFC GRANT	1427841	1376323
ശുചിത്വമിഷൻ ഗ്രാന്റ്	486948	514227

1-1-7 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചെലവ് ചെയ്തിട്ടില്ല

2022-23 വർഷം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി എങ്കിലും ബാലൻസ് ഷീറ്റിൽ തുക ബാധ്യതയായി ചേർത്തിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

ഡെപ്പോസിറ്റ് ചെയ്ത തുക	വിനിയോഗ വിവരം ലഭ്യമായത്	ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കിയത്
341540	336107	5433
255000	222207	32793

1-1-8 B-5, B-16 എന്നിവ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ B5 – Secured Loan ഇനത്തിൽ ₹8784609/- യും B16 Prepaid Expences ഇനത്തിൽ ₹7699847/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-9 ലോൺ തിരിച്ചടവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ജവഹർ ഭവനനിർമ്മാണ പദ്ധതി വായ്പയിൽ മുതൽ പ്രോജക്ട് നം. 17/24 പ്രകാരം ₹50000/- തിരിച്ചടച്ചിട്ടുണ്ട്. പ്രോജക്ട് നം. 18/24 പ്രകാരം പലിശയിനത്തിൽ ₹59609/- തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ തിരിച്ചടവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ധനകാര്യകമ്മിഷൻ ഗ്രാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാന്റിനം	സുലേഖ പ്രകാരം	വാർഷികകണക്ക് പ്രകാരം
CFC TIED ചെലവ്	1874252	1860273
CFC UNTIED ചെലവ്	878401	961598
ആകെ	2752653	2821871

ധനകാര്യകമ്മിഷൻ ഗ്രാന്റ് ചെലവ് തുകകൾ ചെലവ് പത്രിക പ്രകാരവും വാർഷികകണക്ക് പ്രകാരവും വ്യത്യസ്തമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

ബജറ്റ്

കമ്മിറ്റി തീരുമാനം		1/25-3-23		
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം		1/13-3-23		
മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

10594043	133160000	143754043	135760000	7994043

പുതുക്കിയ ബജറ്റ്

കമ്മിറ്റി തീരുമാനം	2/23-1-24			
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	1/19-01-24			
മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
12803370	113696400	126499770	114741350	11758420

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് - ജനറൽ	0	9303000	9303000	8745709	557291
വികസന ഫണ്ട്-എസ്.സി.പി	0	2789000	2789000	2703783	85217
വികസന ഫണ്ട്-റ്റി.എസ്.പി	0	0	0	0	0
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	6057350	6057350	4121060	1936290
മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്	0	3139400	3139400	3139306	94
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ്	20986	1581374 (1541000 + Interest 40374)	1602360	961598	640762
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്	1440334	1155500	2595834	1860273	735561
ടോട്ടൽ സാനിറ്റേഷൻ - 320100181	420333	3615	423948	232765	191183
ഐ.സി.ഡി.എസ്. - 320100196	690008	1063746	1753754	570815	1182939
ശുചിത്വ മിഷൻ ഫണ്ട് (ഖര മാലിന്യ നിർമ്മാർജ്ജനം) - 320100198	312507	20537	333044	10000	323044
പകർച്ച വ്യാധി നിയന്ത്രണ ഗ്രാന്റ് - 320100195	114958	0	114958	0	114958
പ്രളയ ദുരിതാശ്വാസ ഗ്രാന്റ് - 320100192	99350	0	99350	0	99350
അവാർഡുകൾ/ ബഹുമതികൾ - 320100105	6510	0	6510	0	6510
ലൈഫ് സംസ്ഥാന വിഹിതം + വിമുക്തി + അംഗൻവാടി (320300199)	145345	4619200	4764545	4399200	365345
ആർദ്ര കേരളം ആരോഗ്യ പുരസ്ക്കാരം – 320100200	43385	0	43385	24751	18634
ഹെൽത്ത് ഗ്രാന്റ് - PHCs അടിസ്ഥാന വികസനം - 320100202	81028	712955	793983	343856	450127
PHC-കളുടെ പുനക്രമീകരണം - 320100204	1885	311748	313633	272950	40683
മറ്റ് ബാധ്യതകൾ - 320100999 (ഇനം വ്യക്തമല്ല)	100724	0	100724	0	100724
ഹോമിയോപ്പതി - ആസ്തി വികസനം- 320200208	500000	0	500000	335041	164959
ആരോഗ്യ ഇൻഷുറൻസ് 320200399	1854	2817442	2819296	2817442	1854
പകർച്ചവ്യാധി നിയന്ത്രണം - 320900102	5421	175	5596	0	5596
320300103 ടോട്ടൽ സാനിറ്റേഷൻ	0	3835	3835	0	3835
320100174 സ്വച്ഛ ഭാരത് അഭിയാൻ	0	1091937	1091937	1091937	0

320100149 ദേശീയ ഗ്രാമീണ ഹെൽത്ത് മിഷൻ	0	577242	577242	577242	0

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

ഫണ്ട്	ലൈഫ് ലോൺ (₹)	അംഗൻവാടി ഹോണറേറിയം (₹)	179/22ഉത്തരവ് പ്രകാരം കുറവ് വരുത്തിയ തുക
വികസനഫണ്ട് (ജനറൽ)	712215	788400	93030
വികസനഫണ്ട് (SCP)	576958	-	

1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
215	63731414	127	33948373	88	59.06

1 . ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	10336045	8745709	84.61
	പട്ടിക ജാതി വിഭാഗം	3138308	2703783	86.15
	പട്ടിക വർഗ്ഗ വിഭാഗം	0	0	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		6324135	2752653	43.52
കേന്ദ്രാവിഷ്കൃതഫണ്ട്		6895768	2810025	40.74
സംസ്ഥാനാവിഷ്കൃതഫണ്ട്		5200000	2740000	52.69
തനത് ഫണ്ട്		719272	142247	19.77
മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട്		0	0	
ബ്ലോക്ക് പഞ്ചായത്ത്		2527500	1042109	41.23
മറ്റ് ജില്ലാ പഞ്ചായത്ത്		7392500	2684674	36.31
സംരക്ഷണ ഗ്രാന്റ് റോഡിതരം		4819000	3139306	65.14
സംരക്ഷണ ഗ്രാന്റ് റോഡ്		9277999	4121060	44.41
മറ്റിനം		6013919	2450001	40.73
ആകെ		63731414	33948373	53.26

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതി കളുടെ എണ്ണം	നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം	അടങ്കൽ	ചെലവ്₹	ചെലവ് ശതമാനം
കൃഷി ഓഫീസർ	6	6	845000	702721	83.16
വെറ്ററിനറി സർജൻ	7	7	2442750	2294771	93.94
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	10	9	2997764	2202762	73.48
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	5	4	1120000	969819	98.60
മെഡിക്കൽ ഓഫീസർ ഹോമിയോ	4	4	370000	364810	86.59
ICDS സൂപ്പർവൈസർ	11	6	4340530	3036551	46.91
വി.ഇ.ഓ	16	10	22566496	10586790	69.96
ക്ഷീരവികസന ഓഫീസർ	1	1	2313595	1260529	54.48
സെക്രട്ടറി	46	27	3980290	3334627	83.78
ഹെഡ്മാസ്റ്റർ	4	4	205000	188669	92.03
അസി.എഞ്ചിനീയർ	105	48	22549989	9006324	39.94
ആകെ	215	126	63731414	33948373	59.06

ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ ഉത്തരവ് നംപർ 677/2023/DPC/DPO/IDK തിയതി 24/01/2024 പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തിയ 215 പ്രോജക്കുകൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 126 പ്രോജക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹63731414/-ൽ ₹33948373/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുൻബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ നിർവ്വഹണം	574749	1195397	1770146	1767487	2659
തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്)		8968000	8968000	8968000	0

NREGA ഭരണ നിർവ്വഹണത്തിനുള്ള വരവ് തുകയിൽ ₹117/- ന്റെ വ്യതിയാനം നിലനിൽക്കുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	3059600	253
വിധവാ പെൻഷൻ	5096300	460
വാർദ്ധക്യകാല പെൻഷൻ	12666600	1159
വികലാംഗ പെൻഷൻ	1798700	160

50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	308800	29

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.9.2024 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3207/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കുനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നത് ഉചിതമാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ

രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

1-9 വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടില്ല. ടി കെട്ടിടമുറി വാടകയ്ക്കു നൽകിയ വ്യക്തിയുമായി 13.4.2023 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ ഉടമ്പടി വച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ/കെട്ടിട ഉടമയുടെ പേര്	പ്രതിമാസ വാടക (ജി.എസ്.ടി ഒഴികെ)	ഈടാക്കാത്ത കാലയളവ്	കുടിശ്ശിക തുക ₹
1	12/104 സജീവ് വെള്ളാക്കിഴങ്ങുപാറയിൽ	2205/-	3/2023 മുതൽ 4/2024 വരെ	26460/-

മേൽ കെട്ടിടത്തിന്റെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/4.9.2024) ലഭ്യമായ മറുപടിയിൽ വാടകകുടിശ്ശിക ഈടാക്കുന്നതിന് 26.6.2023, 10.11.2023, 23.1.2024, 13.3.2024 തീയതികളിൽ കത്ത് നൽകിയിട്ടുള്ളതാണെന്നും തുടർന്ന് വാടക ഈടാക്കാത്തതിനെത്തുടർന്ന് 20.5.2024 ലെ അടിയന്തിരയോഗത്തിൽ അജണ്ട ചേർത്തിട്ടുള്ളതും ടി കെട്ടിടത്തിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിനും 2023-24 വർഷത്തെ വാടക പലിശസഹിതം ഈടാക്കുന്നതിനും മുറി ഒഴിവാകുന്നത് വരെ വാടക 5% കൂട്ടിയ തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 3.6.2024-ൽ വ്യക്തിക്ക് കത്ത് നൽകിയിട്ടുള്ളതും 11.7.2024 തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം)	ലൈസൻസ് രജിസ്റ്ററിലെ നമ്പർ
1	ശ്രീകാന്ത് എസ് /സാന്ദ്ര എന്റർ പ്രൈസസ്	4	103
2	കിഷോർ ജോർജ്/ലില്ലീസ് ആക്സസറീസ്	6	105
3	റോയൽ ടെക്ക് വെൽഡിംഗ് വർക്ക് ഷോപ്പ്/അജി എൻ. വി.	4	161

4	ജിൻസി ജോമോൻ/ എസ് പബ്ലിക്കേഷൻസ്	4	210
5	റെജി ജേക്കബ്/ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺകോറി	4	11
6	സുനിൽ ജോസഫ്/കൊച്ചിൻ പവർ കേബിൾ പ്രൈ.ലിമിറ്റഡ്	12 (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 3 പേരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്)	15
7	സിദ്ദിഖ് കെ.എം/ പുളിക്കാലിൽ ടിംബർ ഇൻഡസ്ട്രീസ്	4	16
8	പി.ഒ ജോസ്/ജനത ട്രേഡിംഗ് കോർപ്പറേഷൻ	4	17
9	ഗോൾറിൻ ജോസ്/സിമന്റ് ബ്രിക്സ്	4	18
10	റെയ്മോൺ വിൻസെന്റ്/ നിർമ്മൽ സ്റ്റിച്ചിംഗ് സെന്റർ	5	45
11	രജനി സാബു/ജി ബാഗ്സ്	6	49
12	ജോസ് മാത്യു/ടെക്നോ പോളിമേഴ്സ്	8	63
13	ജിമ്പു പി രാജ്/ഫ്യൂവൽസ്	5	77
14	ബൈജു ജോൺ/ജോയൽ മാച്ച് വർക്ക്സ്	15	84
15	സോണി ജോയി /മെഡിക്കൽ ഫാർമ	6	85
16	രഘു സി.കെ. /സിഡെഫ് ബിവറേജസ് &ന്യൂട്രി ഫുഡ്സ്	10	91

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 11/5.9.2024) ലഭ്യമായ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

<u>1-11 ലേലനടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ മരങ്ങളുടെ ലേലനടപടികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ ലേല ഡയറി പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ പുതുപ്പരിയാരം ഹെൽത്ത് & വെൽനസ്സ് സെന്ററിന് ഭീഷണിയായി നിന്നിരുന്നതും മുറിച്ചുമാറ്റിയതുമായ മാവിന്റെ വില ₹7331/- ആയി 5.5.2023ൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ പെരിയാമ്പ്ര ആരോഗ്യ ഉപകേന്ദ്രത്തിന് സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന പൊങ്ങല്യമരത്തിന് 19.9.2023 തീയതിയിൽ ₹10299/- അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വിലനിർണ്ണയിച്ച് നൽകിയെങ്കിലും 27.5.2024 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത്

ലേല നടപടികൾ ആരംഭിച്ചിട്ടുള്ളത്. പിന്നീട് 21.6.2024 ൽ ലേലം നടന്നെങ്കിലും ലേലംകൊള്ളാൻ ആരും തയ്യാറായിട്ടില്ല.

ലേല നടപടികളുടെ വിശദാംശങ്ങൾ നൽകുവാനും ടി മരങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/5.9.2024) മറുപടി ലഭ്യമായിട്ടുണ്ട്.

ക്രമ നം. 1 പ്രകാരമുള്ള മരങ്ങളുടെ ലേലം 3 തവണ 9.6.2023, 3.7.2023, 27.11.2023 തീയതികളിൽ നടത്തിയെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ലെന്ന് മറുപടി ലഭ്യമാക്കി. പുനർ മൂല്യനിർണ്ണയം നടത്തി നൽകണമെന്ന് ആവശ്യപ്പെട്ട് അസി. ഫോറസ്റ്റ് കൺസർവേറ്ററിന് 5.2.2024 ൽ കത്ത് നൽകിയിട്ടുള്ളതാണെന്നും നാളിതുവരെ പുനർമൂല്യനിർണ്ണയം നടത്തി നൽകിയിട്ടില്ലാത്തതാണെന്നും അറിയിച്ചു.

ക്രമ നം.2 പ്രകാരമുള്ള പൊങ്ങല്യമരം 27.10.2023-ൽ ലേലനടപടികൾ നടത്തിയെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ലെന്ന് മറുപടി ലഭ്യമാക്കി. പിന്നീട് ഇലക്ഷൻ പെരുമാറ്റചട്ടം കാരണം കാലതാമസം നേരിട്ടതിനാൽ 27.5.2024 ൽ പുനർലേല നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. ശക്തമായ കാറ്റിലും മഴയിലും നിലവിൽ മരം മറിഞ്ഞുവീണതിനാൽ വില തീരെ ലഭിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

മരങ്ങളുടെ ലേല നടപടികൾ എത്രയും വേഗം പൂർത്തിയാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-12 വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മൊബൈൽ ടവർ

ക്രമ നം	മൊബൈൽ ടവറിന്റെ പേര് /കെട്ടിട നം.	ഈടാക്കുവാനുള്ള വസ്തുനികുതി, കാലയളവ്
1	ബി.എസ്.എൻ.എൽ ടവർ, 10/177	95234/-, 2014 2nd Half മുതൽ 2023 2nd Half വരെ
2	ഭാരതി എയർടെൽ, എൻ.എച്ച് ബൈപാസ്സ്, വഴിത്തല 13/191	8931/-, 2023 Ist Half മുതൽ 2023 2nd Half വരെ
	ആകെ	104165/-

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/4.9.2024) ലഭ്യമായ മറുപടിയിൽ ക്രമ നം. 1 ലെ കെട്ടിടവുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക ഈടാക്കുന്നതിന് 18.3.2019 ൽ സി.എം.പി 1471/2019-ാം നമ്പറായി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് 18.11.2023, 17.01.2024 തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.

2 ലെ കെട്ടിടം എൻ.എച്ച് ബൈപാസിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും വസ്തുനികുതി കുടിശ്ശിക തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2)

ക്രമ നം	കെട്ടിട ഉടമയുടെ പേര് /കെട്ടിട നം.	ഈടാക്കുവാനുള്ള വസ്തുനികുതി, കാലയളവ്
1	സിജി ഷാജി/ 13/285 A	2371/-, 2019 ഒന്നാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ

3)

ക്രമ നം	കെട്ടിട ഉടമയുടെ പേര് /കെട്ടിട നം.	ഈടാക്കുവാനുള്ള വസ്തുനികുതി ,കാലയളവ്
1	മാനേജിംഗ് ഡയറക്ടർ, കെ.കെ.ജെ ഗ്രൂപ്പ് ഇന്റർ നാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, പെരുമ്പടവം, വഴിത്തല, 13/285 A	95250/-, 2023 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ

ക്രമ നം.1,2,3 ലെ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്

1-13 ഉപയോഗക്രമം വ്യത്യാസപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ജിബു പി. രാജു മണ്ണത്താം ചേരിൽ, അരിക്കുഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/278 A ാം നമ്പർ കെട്ടിടത്തിന് പെട്രോൾ പമ്പ് നടത്തുന്നതിന് എന്ന ആവശ്യത്തിനാണ് 2023-2024 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിരിക്കുന്നത്. ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വാണിജ്യാവശ്യത്തിനുള്ളവ- ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്നീ ഗണത്തിൽ പ്പെടുത്തി ₹50/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം ടി കെട്ടിടത്തെ ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) യുടെ ഗണത്തിൽപ്പെടുത്തി ₹40/- നിരക്കിൽ 2020 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്/നം.	ഉപയോഗക്രമം/ അടിസ്ഥാന വസ്തുനികുതി നിരക്ക്	വിസ്തീർണ്ണം	നിർണ്ണയിച്ച വാർഷിക വസ്തുനികുതി (10% ഇളവ്, 20% വർദ്ധനവ് 5% ലൈബ്രററി സെസ്സ് ഉൾപ്പെടെ)	നിർണ്ണയിക്കേണ്ട വാർഷിക വസ്തുനികുതി (10% ഇളവ്, 20% വർദ്ധനവ്, 5% ലൈബ്രററി സെസ്സ് ഉൾപ്പെടെ)	ഈടാക്കിയതിൽ കുറവ്	വസ്തുനികുതി നിർണ്ണയിച്ച കാലയളവ്

ജിബു പി രാജു, മണ്ണത്താംചേരിൽ, 3/278A	വാണിജ്യാവശ്യം /50	51.19ച.മീ	51.19*40=2048 2048-205+410= 2253 2253+113=2366	51.19*50=2560 2560-256+512 =2816+141 =2957	591	2020 ഒന്നാം അർദ്ധവർഷം മുതൽ

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/9.09.2024) മറുപടി ലഭ്യമായിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഫോം -6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 ലൈസൻസ് വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1996-ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയസോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്നും വസ്തുനികുതി രജിസ്റ്ററിൽ വ്യവസായ ആവശ്യത്തിനുള്ളവ- കോഴി വളർത്തൽ ഷെഡിൽ ഉൾപ്പെട്ടിരിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുകയോ എടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്
1	1/106	വാസു രാമൻ
2	3/3	പി.ജെ മാത്യൂസ്
3	3/197	എം.റ്റി മാത്യു
4	3/200A	കിരൺ രാജു
5	3/347	ബാബു പോൾ
6	3/348	ബാബു പോൾ
7	4/163 C	ബിജുപൗലോസ്
8	4/163D	ബിജുപൗലോസ്
9	4/382A	സുഗതൻ
10	5/207A	ഷാന്റി
11	5/309C	ജിതിൻ
12	9/201B	പ്രിൻസ്.ടി മാത്യു
13	9/273C,D,E	ജോൺ
14	11/13 F,J	ജോയ്സൺ ജോസ്
15	11/13G	ജെയ്സൺ ജോസഫ്
16	11/13H	മെർളി, ജോസ്മോൻ
17	11/26B,C,D	ബോണി വർഗ്ഗീസ്
18	11/174B,D,E	ഏലിക്കുട്ടി ഔസേഫ്
19	13/284B,C,D	അന്നക്കുട്ടി
20	11/174A,C	ജിൻസൺ ജോസഫ്

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ലൈസൻസ് എടുത്തതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/5.9.2024) ലഭ്യമായ മറുപടിയിൽ 2023-24 ൽ പ്രവർത്തിക്കുന്ന എല്ലാ ലൈവ് സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ളതാണെന്നും ടി സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം പ്രവർത്തിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് അന്വേഷണത്തിൽ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. സഞ്ചയ പ്രകാരം കോഴി ഫാമുകൾ എന്ന നിലയിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയവ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-15 കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനച്ചെലവ്- സർക്കാർ മാനദണ്ഡപ്രകാരമല്ലാതെ അധികം തുക ചെലവഴിച്ചു

ഉദ്ഘാടനച്ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്ന ചെലവുകൾക്ക് സ.ഉ.(സാധാ)നം.1255/2022/തസ്വഭവ തീയതി 19-05-2022 പ്രകാരം പരിധി നിശ്ചയിച്ചിട്ടുണ്ട്. മന്ത്രിമാർ, ക്യാബിനറ്റ് റാങ്കിലുള്ള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയവർ പങ്കെടുക്കുന്നതും വാടക കെട്ടിടങ്ങൾ/ ഓഡിറ്റോറിയങ്ങൾ / പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വച്ച് നടക്കുന്ന ചടങ്ങുകൾക്ക് പരമാവധി ₹75000/-, മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾക്ക് പരമാവധി ₹50,000/-, മറ്റ് ചടങ്ങുകൾക്ക് ₹25000/- എന്നിങ്ങനെയാണ് നിരക്ക്. മണക്കാട് കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ച ചെലവുകളിൽ മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾക്ക് വിരുദ്ധമായി താഴെ സൂചിപ്പിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം.,തീയി	തുക₹
1	22300081/29-04-2023	46000
2	22300082/29-04-2023	7200
3	22300245/29-06-2023	8500
4	22300178/01-06-2023	2000
5	22300073/28-04-2023	4500
ആകെ₹		68200/-

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ ചെലവഴിക്കാതെ എഫ് എച്ച് സി ഉദ്ഘാടനത്തിനോടനുബന്ധിച്ച ചടങ്ങുകൾക്ക് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 24/10-09-24 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ധനവിനിയോഗം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 തെരുവു വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

വാർഡ് അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഇത് മൂലം ഏതൊക്കെ വാർഡിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന് വ്യക്തമായ കണക്ക് പഞ്ചായത്തിലില്ല. നിലവിൽ വൈദ്യുത ചാർജ്ജ് ഒടുക്കുന്ന തെരുവു വിളക്കുകളിൽ മുൻകാലങ്ങളിൽ ഉപേക്ഷിക്കപ്പെട്ടവയുണ്ടോ എന്ന് വൈദ്യുത ബോർഡുമായി സംയുക്ത പരിശോധന നടത്തി വൈദ്യുത ചാർജ്ജ് പുനർനിർണ്ണയിക്കേണ്ടതാണ്.

തെരുവ് വിളക്കുകളെ സംബന്ധിക്കുന്ന പരാതി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇത് മൂലം കേടായ ലൈറ്റുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു. വിവിധ പദ്ധതികൾ പ്രകാരം 2023-24 വർഷത്തിൽ തെരുവു വിളക്കുകളുടെ മെയിന്റനൻസ്, എൽഇഡി വിളക്കുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ പ്രകാരം വാങ്ങിയ സാമഗ്രികളുടെ സ്റ്റോക്ക് വിവരം സൂക്ഷിക്കുന്നില്ല. ആയതിനാൽ വാറന്റി കാലവധിക്ക് മുൻപ് ഇവ കേട് വരുന്ന പക്ഷം മാറ്റി വാങ്ങുന്നതിനോ തുടർ നടപടികൾ കൈക്കൊള്ളുന്നതിനോ സാധിക്കാതെ വരുന്നു. തെരുവു വിളക്ക് രജിസ്റ്റർ വേണ്ടത്ര രേഖപ്പെടുത്തലുകൾ വരുത്താതെയും കാലികമാക്കാതെയും സൂക്ഷിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 25/10-09-2024 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തെരുവു വിളക്ക് രജിസ്റ്റർ അനുബന്ധ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതു വരെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹34000/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - വിതരണം ചെയ്യാതെ അവശേഷിക്കുന്നു

പദ്ധതി നമ്പർ-	103/24
പദ്ധതി	ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ
അടങ്കൽ	₹ 160570/-
ചെലവ്	₹87395/-
ബിൽ നമ്പർ	231005520186015156 56 തിയതി 23-3-24 തുക 87395/-

തൻവർഷം ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം പദ്ധതി പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം.	വാങ്ങിയ ഇനങ്ങൾ	വാങ്ങിയ എണ്ണം
1	Air Bed	1

2	Commod Chair With Wheel	2
3	CP Chair Wooden	1
4	Elbow Crutches Delux	2
5	Finger Exerciser	1
6	Hand Exerciser	1
7	L S Corset -38	1
8	Rollator	1
9	Reclaining Wheel Chair	1
10	Standing Frame	1
11	Sensory Kit	1
12	Therapy Ball 85	1
13	Therapy Mat Medium	2

വാങ്ങിയ മേൽ ഇനങ്ങളിൽ Reclaining Wheel Chair, Air Bed, Commode Chair With Wheel എന്നിവ വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അർഹയായ ഗുണഭോക്താവ് മരണപ്പെട്ടതിനാലാണ് പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്യാതിരുന്നത് എന്ന് എൻക്വയറി നമ്പർ 14/6-9-24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തി യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

1-19 കാലിത്തൊഴുത്ത് നവീകരണം -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവ്

പദ്ധതി /നമ്പർ	ബിൽ നമ്പർ /തിയതി /തുക
31/24 പട്ടികജാതി വനിത ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് നവീകരണം അടങ്കൽ-75000 ചെലവ്-13875	23100552013101478698/24-3-2024/13875

തൻവർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പട്ടികജാതി വനിത ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് നവീകരണം പദ്ധതി പ്രകാരം ഗുണഭോക്തൃലിസ്റ്റിലുള്ള ഓമന കുഞ്ഞുമോൻ എന്ന വ്യക്തിക്ക് ₹13875/- ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നല്കി. സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ തിയതി 28-5-2022 മാർഗ്ഗരേഖയിൽ കാലിത്തൊഴുത്ത് നവീകരണം പദ്ധതി ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താവിന് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ ആരോഗ്യപ്രശ്നങ്ങൾ വന്നതിനാൽ നടത്തിയ നവികരണപ്രവർത്തനങ്ങളെ ആസ്പദമാക്കി ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക നല്കി എന്ന് എൻക്വയറി നമ്പർ 4/4-9-24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖയ്ക്ക് വിധേയമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ക്ഷീരകർഷകർക്ക് തൊഴുത്തിലേക്ക് റബ്ബർമാറ്റ് നല്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി /നമ്പർ	ബിൽ നമ്പർ /തിയതി /തുക
29/24/ക്ഷീരകർഷകർക്ക് തൊഴുത്തിലേക്ക് റബ്ബർമാറ്റ് നല്കൽ അടങ്കൽ 100000 ചെലവ് 100000	23100552013101196829/9-2-24/50000 50000/ഗു.വിഹിതം

ക്ഷീരകർഷകർക്ക് തൊഴുത്തിലേക്ക് റബ്ബർമാറ്റ് നല്കൽ പദ്ധതി പ്രകാരം ടെണ്ടർ നടപടിക്രമങ്ങളിലൂടെ Glenrock Rubber Products Pvt Ltd എന്ന സ്ഥാപനത്തിൽ നിന്ന് 50 റബ്ബർ മാറ്റ് രൂ.2000 നിരക്കിൽ വാങ്ങിയിട്ടുണ്ട്. സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി 28-05-2022 മാർഗ്ഗരേഖ പ്രകാരം മിനിഡയറി ഫാം ആധുനികവൽക്കരണം എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് റബ്ബർമാറ്റ് വിതരണം നടത്താവുന്നത്. കൂടാതെ ആനുകൂല്യം നല്കുന്നതിന് കുറഞ്ഞത് 5 പശുക്കൾ ഉണ്ടാവണം എന്നു് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് നിശ്ചിത എണ്ണം പശുക്കൾ ഇല്ല എന്ന് വ്യക്തമായിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖ പാലിക്കപ്പെട്ടിട്ടില്ല. മേൽ കാരണങ്ങളാൽ ₹50000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പത്രപ്പരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല

ജി. ഓ (ആർടി)1/2011/പി ആന്റ് എആർഡി തീയതി.04-01-2011 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപ്പത്രങ്ങളുടെ നിരക്കിൽ 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. മണക്കാട് ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണ സംബന്ധമായി പരസ്യം നൽകിയപ്പോൾ താഴെ സൂചിപ്പിക്കും വിധം ഡിസ്കൗണ്ട് ഇല്ലാതെ മുഴുവൻ തുകയും നൽകി.

വൗച്ചർ നം.തീയതി	നൽകിയ തുക	15% ഡിസ്കൗണ്ടോടെ നൽകേണ്ട തുക	അധികം നൽകിയത്₹
22300349/11-08-2023 കേരളകൗമുദി പത്രം	11088	9425	1663

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 26/10-09-2024 ന് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനത്തിൽ നിന്ന് ഡിസ്കൌണ്ട് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-22 മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ- അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 3-ാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ പരിപാലിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ. (ആർ.ടി.) നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. മണക്കാട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.അടിസ്ഥാന വിവരങ്ങൾ

ആകെ ജനസംഖ്യ	16905
വാർഡുകളുടെ എണ്ണം	13

ആകെ ആൾതാമസമുള്ള വീടുകളുടെ എണ്ണം	3714
സ്ഥാപനങ്ങളുടെ എണ്ണം	339
ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം	23

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ/ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതു പ്രകാരം പൂർണമായ രീതിയിൽ മാലിന്യ ശേഖരണം നടത്താനായിട്ടില്ല. ജി.ഒ. (സാധാ) നം. 1068/2023/ തസ്വഭവ തി. 20.05.2023 പ്രകാരം 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. യൂസർ ഫീ നല്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ ലക്ഷ്യ പ്രാപ്തിക്കായി ബോധവത്കരണം, ക്യാമ്പയിൻ പ്രവർത്തനങ്ങൾ തുടങ്ങിയ സ്വീകരിച്ചു വരുന്നുണ്ട്.

3. മാലിന്യം തരംതിരിക്കൽ

മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുകയെന്ന ലക്ഷ്യം പൂർണമായി നേടാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. എന്നാൽ 2023-24 – ൽ വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച മാലിന്യത്തിൽ 12663 കി. ഗ്രാം പൂർണമായും വേർതിരിച്ച് ക്ലീൻ കേരളക്ക് കൈമാറാൻ ഹരിത കർമ്മസേനയ്ക്ക് ഇതിനോടകം സാധിച്ചിട്ടുണ്ട്.

4. റീ സൈക്ലിംഗ്

പുനരുപയോഗസാദ്ധ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികളൊന്നും തന്നെ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടില്ല.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെ സംബന്ധിച്ച് ഗ്രാമസഭ മുഖേന ബോധവൽക്കരണം നടത്തിയിരുന്നു. 2023-24 ൽ ഇരുപത്തിയാറ് ഗ്രാമസഭകൾ നടത്തിയിട്ടുണ്ട്. വിവിധ മീറ്റിംഗുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിരുന്നു.

6. തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം ഹരിത സേനാംഗങ്ങൾക്കായി വേതനമിനത്തിൽ ₹15,35,390/- അനുവദിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി ₹10000/- വരുമാനം ഉറപ്പു വരുത്താനാകുന്നില്ല. യൂസർ ഫീ നല്കാത്തവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവവളം ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ/സ്വാപ്പ് ഷോപ്പുകൾ മുതലായ സംവിധാനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല.

7. അടിസ്ഥാന സൌകര്യ വികസനം

സ.ഉ(സാധാ) നം. 1068/2023/തസ്വഭവ തിയ്യതി 20.05.2023 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലും M.C.F, വാർഡുകളിൽ മിനി M.C.F, ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ R.R.F എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അത് പ്രകാരം പഞ്ചായത്തിൽ 13 മിനി എം സി എഫുകളും നാലാം

വാർഡിൽ 80 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഒരു എം സി എഫുമാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ എട്ടാം വാർഡിൽ മറ്റൊരു എംസിഎഫ് നിർമ്മാണത്തിലിരിക്കുന്നു. എം.സി.എഫിൽ വെയിംഗ് മെഷീൻ, ഹാംഗിംഗ് സ്കെയിൽ, പെഡസ്ട്രൽ ഫാനുകൾ, സിസിടിവി ക്യാമറകൾ, ഫയർ എക്സ്റ്റിൻഗ്യൂഷർ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ശേഖരിച്ച മാലിന്യം M.C.Fകളിൽ എത്തിക്കുന്നതിനായി സ്വന്തമായി ഒരു ഇലക്ട്രിക് വാഹനമുണ്ട്. താൽക്കാലിക ജീവനക്കാരനായ ഡ്രൈവറാണ് ടി വാഹനം ഓടിക്കുന്നത്. എം സിഎഫുകളിൽ ആവശ്യമായ വൈദ്യുതി, വാട്ടർ കണക്ഷൻ, ടോയ്‌ലറ്റ്, ഫസ്റ്റ് എയ്ഡ് ബോക്സ്, വിശ്രമ സ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മിനി എംസിഎഫുകളിൽ നിന്നും മാസത്തിലെ രണ്ടാമത്തെ ആഴ്ചയിൽ എംസിഎഫിലേക്കും തുടർന്ന് ക്ലീൻ കേരള കമ്പനിക്കും തരം തിരിച്ച മാലിന്യം കൈമാറുന്നു. 2023-24ൽ ഓഗസ്റ്റ്, ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, മാർച്ച് മാസങ്ങളിലായി ക്ലീൻ കേരള കമ്പനി ചില്ല്, തരം തിരിച്ച അജൈവ മാലിന്യം, റിജക്ടഡ് വേസ്റ്റ് എന്നിവ നീക്കം ചെയ്യുന്നുണ്ട്. മാലിന്യം അധികമായി കെട്ടിക്കിടക്കുന്ന അവസ്ഥ നിലവിലില്ല. ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി എംസിഎഫിനോടനുബന്ധിച്ച് ഓഫീസ് സൗകര്യം ഉണ്ട്. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. എന്നാൽ മാലിന്യ സംസ്കരണാർത്ഥം പൊതുസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. മണക്കാട് എൻഎസ്എസ് സ്കൂൾ പരിസരത്ത് മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തിയതിനെ തുടർന്ന് സ്കൂളിനെതിരെ നടപടി സ്വീകരിച്ച് പിഴ ഈടാക്കിയിട്ടുണ്ട്. ഏഴാം വാർഡിലെ മിനി എംസിഎഫ്, പതിനൊന്നാം വാർഡിലെ ബോട്ടിൽ ബൂത്ത് എന്നിവയ്ക്ക് സമീപം മാലിന്യം നിക്ഷേപിച്ചതിന് രണ്ട് വ്യക്തികളിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ ₹19,20,873/- ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	തുക
1	എംസിഎഫ് നിർമ്മാണം	1701471
2.	ക്ലീൻ കേരള കമ്പനിക്ക് വിഹിതം നൽകൽ	53460
3.	യൂസർഫീയിൽ നിന്നും ഇളവ് നൽകിയിട്ടുള്ള വീടുകൾക്ക് വേണ്ടിയുള്ള സഹായം	11150
4	കളക്ടേഴ്സ് അറ്റ് സ്കൂൾ	115954
5	മാലിന്യസംസ്കരണത്തിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കൽ	38838

8. പരിശീലനവും വികസനവും

സേനാംഗങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും ഫയർ എക്സ്റ്റിങ്ങ്യൂഷർ ഉപയോഗം സംബന്ധിച്ചും പരിശീലനം നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

2016-ലെ ഖരമാലിന്യ ചട്ടങ്ങൾ, ആപത്ക്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയുടെ ശേഖരണവും സംഭരണവുമായി ബന്ധപ്പെട്ട 16.05.2022ലെ സ.ഉ.(സാധാ) നം. 1227/22/LSGD ഉത്തരവ്, പൊതുയിടങ്ങളിലേയും ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ 26.04.2023ലെ ജി.ഒ.(ആർ.ടി) നം. 922/2023 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്, യൂസർ ഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം. 789/2023/തസ്വഭവ തിയ്യതി 31.03.2023, 100% വാതിൽപ്പടി മാലിന്യ ശേഖരണവും എം.എസി.എഫ്, മിനി എം.സി.എഫ് എന്നിവയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം. 1068/2023/ തസ്വഭവ തിയ്യതി 20.05.2023 എന്നീ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമാണ് ഗ്രാമ പഞ്ചായത്തിൽ മാലിന്യ ശേഖരണവും സംഭരണവും കൈമാറലും നടന്നു വരുന്നതെങ്കിലും പൂർണ്ണതോതിലുള്ള ലക്ഷ്യപ്രാപ്തി ഇനിയും കൈവരിക്കുവാനായിട്ടില്ല.

11. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം.

ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അവരെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകന യോഗം നടത്തപ്പെടുന്നു. വാട്ട്സാപ്പ് ഗ്രൂപ്പ് വഴിയും ഹരിതമിത്രം ആപ്ലിക്കേഷൻ മുഖേനയും ഹരിത കർമ്മ സേനയുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നു. വാതിൽപ്പടി മാലിന്യശേഖരണത്തിൽ മുഴുവൻ കുടുംബങ്ങളുടെ സഹകരണം ഉറപ്പാക്കാനാകാത്തതും ജനങ്ങളുടെ വൈമുഖ്യവും ഹരിതകർമ്മസേന നേരിടുന്ന പ്രധാന പരിമിതികളാണ്.

12. എം സി എഫ്- അടിസ്ഥാനവിവരങ്ങൾ

മണക്കാട് ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫും 13 മിനി എം.സി.എഫുകളുമാണുള്ളത്. എം.സി.എഫുകളിൽ വാഷിംഗ് ഏരിയ, അഗ്നിശമന സംവിധാനം എന്നിവ നിലവിലുണ്ട്. എന്നാൽ ബെയ്‌ലിംഗ്, ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവ ഇല്ല. 15% ടിപ്പിംഗ് ഏരിയ, 30% സ്റ്റോറേജ് ഏരിയ, 15% സോർട്ടിംഗ് ഏരിയ, 5% മെഷീനറി ഏരിയ, 35% സംഭരണ ഏരിയ എന്നിങ്ങനെയാണ് എം.സി.എഫ് സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കൈകാര്യം ചെയ്യുന്ന മാലിന്യത്തിന് അനുസൃതമായ സ്ഥലവിസ്തൃതി നിലവിലില്ല. അന്തിമ സംഭരണ ഏരിയയിൽ ഒരു മാസം വരെ അജൈവ മാലിന്യം സൂക്ഷിക്കാനാകുന്നുണ്ട്. ശുചിത്വ സംവിധാനങ്ങൾ പൂർണ്ണമായും പാലിച്ചാണ് എം.സി.എഫ് നടത്തിപ്പ്. സ്ഥലത്ത് മാലിന്യസംബന്ധമായി പൊതുജനങ്ങളുടെ പരാതിയോ തർക്കങ്ങളോ നിലവിലില്ല. തൊഴിലാളികളുടെ സുരക്ഷയ്ക്കായി എം.സി.എഫിൽ മാലിന്യസംരക്ഷണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കുന്നുണ്ട്.

13. മാലിന്യ കൈമാറ്റ കാര്യക്ഷമത

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസങ്ങളിലോ എം.സി.എഫിലേക്ക് മാറ്റുന്നുണ്ട്. എം.എസി.എഫിൽ സംഭരിക്കപ്പെടുന്നതും വേർതിരിക്കുന്നതുമായ മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2023-24

വർഷത്തിൽ ശേഖരിച്ചതും കരാർ സ്ഥാപനത്തിന് കൈമാറ്റം ചെയ്തതുമായ മാലിന്യത്തിന്റെ വിശദാംശങ്ങൾ താഴെ കാണും പ്രകാരമാണ്.

ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	32908 കി.ഗ്രാം
കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ അളവ്	12663 കി. ഗ്രാം
തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ അളവ്	വിവരം ലഭ്യമായില്ല
ക്ലീൻ കേരള കമ്പനിയ്ക്ക് മാലിന്യം വിറ്റ വകയിൽ ലഭിച്ച തുക	ലഭിച്ചിട്ടില്ല
ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	53460

ഗ്രാമ പഞ്ചായത്തിലെ മാലിന്യം ശേഖരിക്കുകയും സംഭരിക്കുകയും കയ്യൊഴിയുകയും ചെയ്യുന്നതിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമമായ പ്രവർത്തനം വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും എല്ലാ വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും യൂസർ ഫീ പിരിക്കൽ, എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, പൊതുയിടങ്ങളിൽ മാലിന്യ സംഭരണ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ മുതലായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഇനിയും മുന്നോട്ടു പോകാനുണ്ട്.

1-23 പഞ്ചായത്തിന്റെ വാഹനം സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്തിന്റെ വാഹനമായ KL38-F -5396 (ബൊലിറോ) സംബന്ധിച്ച ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചപ്പോൾ ഇന്ധന ഉപയോഗത്തിന്റെ അളവിൽ ഗണ്യമായ രീതിയിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായി കാണാൻ കഴിഞ്ഞു. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി ഒരു വർഷം പിന്നിട്ടിട്ടും വീണ്ടും ടെസ്റ്റ് നടത്തിയിട്ടില്ല. വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തി ആയത് സംബന്ധിച്ച രേഖ ലോഗ്ബുക്കിനൊപ്പം സൂക്ഷിക്കേണ്ടതാണ്. ലോഗ് ബുക്കിന്റെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലോഗ്ബുക്കിൽ യാത്രയുടെ ഉദ്ദേശ്യം ഡ്രൈവർ രേഖപ്പെടുത്തുന്നത് യാത്ര ചെയ്യുന്ന ആൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ റിപ്പയറുമായി ബന്ധപ്പെട്ട വാങ്ങലുകൾ നടത്തുന്നത് ബന്ധപ്പെട്ട രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-24 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - അധിക തുക നൽകി

നിർവ്വഹണം	കൃഷി ഓഫീസർ	
പദ്ധതി	ഞങ്ങളും കൃഷിയിലേക്ക്- നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 21	ഞങ്ങളും കൃഷിയിലേക്ക്- തരിശ് നെൽകൃഷിക്ക് സബ്സിഡി

അടങ്കൽ₹	350,000/- വികസന ഫണ്ട് പൊതു വിഭാഗം (150,000/-) , ബ്ലോക്ക് പഞ്ചായത്ത് (150,000/-), ജില്ലാ പഞ്ചായത്ത് (50,000/-)	30,000/- (വികസന ഫണ്ട് പൊതു വിഭാഗം)
ചെലവ്₹	350,000/-	30,000/-
ബിൽ നമ്പർ,തീയതി,തുക₹	23100500000026245/05-03-2024/50000(12500) 23100552013000672249/12-10-2023/40500(39000) 23100552013001087839/18-01-2024/49375 23100552013001499269/24-03-2024/60125 23100552013000674246/18-10-2023/40500(39000) 23100552013001074882/16-01-2024/49375 23100552013001269629/23-02-2024/60125	23100552013001499332/24-03-2024/30,000

നെൽകൃഷി നടത്തുന്ന വ്യക്തികൾക്ക് ഒരുപ്പൂ കൃഷിക്ക് ഹെക്ടറിന് ₹25,000/- വീതം പരമാവധി ₹50,000/- ആണ് നൽകാവുന്നത്. പാട്ടക്കൃഷി നടത്തുന്ന പക്ഷം ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. പാട്ടത്തിനെടുത്ത ഭൂമി ഒരേ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങൾ ബന്ധുക്കൾ എന്നിവരുടേതാകരുത്. പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. മണക്കാട് ഗ്രാമപഞ്ചായത്തിൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയപ്പോൾ ശ്രീ ജോർജ്ജ് മാത്യു, കാരാമയിൽ എന്ന വ്യക്തിക്ക് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികതുക ആനുകൂല്യം നൽകിയിട്ടുണ്ട്. ടി വ്യക്തിയുടെ ആനുകൂല്യം ലഭ്യമാകുന്നതിന് കൃഷിഭവനിൽ ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചപ്പോൾ ടിയാൾ ഹാജരാക്കിയ പാട്ടഭൂമിയുടെ രേഖകൾ പ്രകാരം മൂന്ന് വ്യക്തികളുടെ (നിലം) ആകെ 0.928 Ha ആണ് കൃഷി ഭൂമി ആയി കാണിച്ചിട്ടുള്ളത്. ആയത് മുഴുവൻ കൃഷി ചെയ്താൽ നൽകാവുന്ന ആനുകൂല്യം 0.928x25000= 23,200/- മാത്രമാണ്. അപേക്ഷയിൽ കൃഷി ചെയ്യുന്ന ഭൂമി സംബന്ധിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. ടി ഗുണഭോക്താവിന് വിവിധ ബില്ലുകൾ പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതിയിൽ ₹90500/-, തരിശ് ഭൂമിയിലെ കൃഷി പദ്ധതിയിൽ ₹30,000/- എന്നിങ്ങനെ സബ്സിഡിയായി ആകെ ₹120,500/- നൽകിയിട്ടുണ്ട്. തരിശ് ഭൂമിയിലെ കൃഷിക്ക് ടിയാളുടെ അപേക്ഷയോ മൂന്ന് വർഷമായി കൃഷി ചെയ്യാത്ത ഭൂമിയിൽ കൃഷി ചെയ്തു എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോ ലഭ്യമല്ല. ടി വ്യക്തി വർഷത്തിൽ രണ്ട് കൃഷി ചെയ്തോ എന്നത് സംബന്ധിച്ച് സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഇല്ല. ഗ്രാമസഭയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ടി വ്യക്തിയുടെ പേര് തരിശ് നെൽകൃഷി ഗുണഭോക്താവായി ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം മാത്രമാണ് ഉള്ളത്. കൂലിച്ചെലവിനത്തിൽ പരമാവധി നൽകാവുന്ന ₹50,000/-(2 ഹെക്ടറിന്)- കിഴിച്ച് ബാക്കി ₹70,500/- ആനുകൂല്യം അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നെൽകൃഷി അന്യം നിന്ന് പോകുന്ന സാഹചര്യത്തിൽ ടി വ്യക്തി നെൽ വയലുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നുവെന്നും പഞ്ചായത്തിലെ നെൽക്കൃഷിക്കാർക്ക് പ്രചോദനം ആകട്ടെ എന്നു കരുതിയാണ് സബ്സിഡി പ്രകാരമുള്ളതിലും അധിക തുക ആനുകൂല്യമായി നൽകിയതെന്നുമുള്ള തികച്ചും നിരുത്തരവാദപരവും ബാലിശവുമായ മറുപടിയാണ് കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. മനപൂർവ്വം സർക്കാർ

മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ടുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ ടി നടപടി ഔദ്യോഗിക കൃത്യനിർവ്വഹണ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടികൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ടോ എന്നതു സംബന്ധിച്ചും ടി ഉദ്യോഗസ്ഥന്റെ മറ്റ് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടും വകുപ്പുതല അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നെൽകൃഷിക്ക് കൂലിച്ചെലവുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളിലുൾപ്പെടുത്തി ശ്രീ.ജോർജ്ജ് കാരാമയിൽ എന്ന വ്യക്തിക്ക് അർഹതയിലും അധികമായി നൽകിയ സബ്സിഡി ₹70,500/- (40500 + 30000) നഷ്ടോത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

1-25 നെൽക്ക്യഷിക്ക് കൂലിച്ചെലവ് സബ്സിഡി- സബ്സിഡി നൽകിയതിലെ അപാകതകൾ

നിർവ്വഹണം	കൃഷി ഓഫീസർ
പദ്ധതി	ഞങ്ങളും കൃഷിയിലേക്ക്- നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 21
അടങ്കൽ₹	350,000/- വികസന ഫണ്ട് പൊതു വിഭാഗം(150,000/-), ബ്ലോക്ക് പഞ്ചായത്ത് (150,000/-), ജില്ലാ പഞ്ചായത്ത് (50,000/-)
ചെലവ്₹	350,000
ബിൽ നമ്പർ,തീയതി,തുക₹	231005000000026245/05-03-2024/50000 2310055201300067 2249/12-10-2023/40500 2310055201300108 7839/18-01-2024/49375 2310055201300149 9269/24-03-2024/60125 2310055201300067 4246/18-10-2023/40500 2310055201300107 4882/16-01-2024/49375 2310055201300126 9629/23-02-2024/60125

നെൽകൃഷി നടത്തുന്ന വ്യക്തികൾക്ക് ഒരുപ്പൂ കൃഷിക്ക് ഹെക്ടറിന് ₹25,000/- വീതം പരമാവധി ₹50,000/- ആണ് നൽകാവുന്നത്. പാട്ടക്ക്യഷി നടത്തുന്ന പക്ഷം ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. പാട്ടത്തിനെടുത്ത ഭൂമി ഒരേ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങൾ ബന്ധുക്കൾ, എന്നിവരുടേതാകരുത്. പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. മേൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തപ്പോൾ കാണാൻ കഴിഞ്ഞ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

ഗുണഭോക്താവ്	ഹാജരാക്കിയ രേഖകൾ പ്രകാരം സ്ഥലത്തിന്റെ അളവ്(ഹെക്ടർ)	അർഹമായ സബ്സിഡി₹	നൽകിയ സബ്സിഡി₹	റിമാർക്സ്
മോഹൻദാസ് നായർ	150 സെന്റ്(പാട്ടക്കരാർ) = 0.6 Ha	0.6x25000=15000	17000	ഹാജരാക്കിയ രേഖകൾ പ്രകാരം അർഹമായതിലും കൂടുതൽ ആനുകൂല്യം നൽകി
എഡിസൺ ജോൺ കുറുമഠത്തിൽ	23ആർ 514സ്ക്വയർ മീറ്റർ (സ്വന്തം നിലം+പാട്ടക്കരാർ)= 0.2814 Ha	0.2814x25000=7035	21000	ഇത് കൂടാതെ ഹാജരാക്കിയ പുരയിടത്തിന്റെ കരമടച്ച രസീത് നെൽകൃഷി സ്ഥലമായി പരിഗണനീയമല്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹമല്ല.

ജോജോ പോൾ തരണിയിൽ	21 ആർ 80സ്ക്വയർ മീറ്റർ (സ്വന്തം നിലം)= 0.2108 Ha	0.2108x25000= 5270	14224	പാട്ടക്കരാർ രേഖകൾ പ്രകാരം സ്വന്തം മാതാവിന്റെയും സഹോദരന്റെയും സ്ഥലം കൂടി കൃഷി ചെയ്യുന്നതായുള്ള രേഖകൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടി ബന്ധുക്കൾ ഒരേ റേഷൻ കാർഡിൽ പെട്ടവരല്ല എന്ന് തെളിയിക്കുന്നതിനുള്ള രേഖ ലഭ്യമല്ല.
ജോസഫ് എൻ.പി., നാറാണത്ത്	6 ആർ 15 സ്ക്വയർ മീറ്റർ (സ്വന്തം നിലം) =0.0615 Ha	0.0615x25000= 1537.5	7700	പാട്ടക്കരാർ രേഖകൾ പ്രകാരം മകന്റെ സ്ഥലം കൂടി കൃഷി ചെയ്യുന്നതായുള്ള രേഖകൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടി ബന്ധുക്കൾ ഒരേ റേഷൻ കാർഡിൽ പെട്ടവരല്ല എന്ന് തെളിയിക്കുന്നതിനുള്ള രേഖ ലഭ്യമല്ല.
ജോസഫ് റ്റി.ജെ., തെക്കേകളപ്പുരയിൽ	-	-	5000	സ്വന്തമായുള്ളതോ പാട്ടസ്ഥലത്തോ കൃഷി ചെയ്യുന്നതായുള്ള രേഖകൾ ലഭ്യമല്ല.
സത്യൻ എൻ.പി. നീറം പ്ലാക്കൽ	69ആർ 88സ്ക്വയർ മീറ്റർ (പാട്ടക്കരാർ)=0.698 Ha	17470	23400	കരാർ രേഖയിൽ പാട്ടസ്ഥല ഉടമസ്ഥന്റെ സാക്ഷ്യപ്പെടുത്തലില്ലാതെ 24 ആർ 80സ്ക്വയർ മീറ്റർ സ്ഥലത്തിന്റെ രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ആനുകൂല്യത്തിന് പരിഗണിക്കാവുന്നതല്ല.
ശ്രീകുമാർ, ഈട്ടിക്കാനത്തിൽ	53ആർ 55സ്ക്വയർ മീറ്റർ (പാട്ടക്കരാർ) =0.5355 Ha	0.5355x25000= 13388	36250	കരാർ രേഖയിൽ പാട്ടസ്ഥല ഉടമസ്ഥന്റെ സാക്ഷ്യപ്പെടുത്തലില്ലാതെ അഞ്ച് വ്യക്തികളുടേതായി 68 ആർ 153 സ്ക്വയർ മീറ്റർ സ്ഥലത്തിന്റെ രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ആനുകൂല്യത്തിന് പരിഗണിക്കാവുന്നതല്ല.
ഒ.എൻ. പ്രസാദ്, ഒറ്റപ്ലാക്കൽ	93ആർ 177സ്ക്വയർ മീറ്റർ(പാട്ടക്കരാർ)	-	26918	കരാർ രേഖയിൽ പാട്ടസ്ഥല ഉടമസ്ഥന്റെ സാക്ഷ്യപ്പെടുത്തലില്ലാതെ അഞ്ച് വ്യക്തികളുടേതായി സ്ഥലത്തിന്റെ രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ആനുകൂല്യത്തിന് പരിഗണിക്കാവുന്നതല്ല.

2. ഗുണഭോക്താക്കൾ വിള ഇൻഷ്വർ ചെയ്ത രേഖകൾ ലഭ്യമല്ല.

3. ആനുകൂല്യത്തിനർഹമായ സ്ഥല വിസ്തൃതിയിൽ കൃഷി ചെയ്തതായി നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

4. ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത താഴെ സൂചിപ്പിക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

A. സെബാസ്റ്റ്യൻ എം.പി.

B. രാജൻ എം.തൈക്കൂട്ടത്തിൽ

C. ഫ്രാൻസിസ് ഉലഹന്നാൻ, പാലക്കാട്ട്

D. ജോജോ പോൾ, തരണിയിൽ

E. സിനി ജോർജ്ജ്, തണ്ടേൽ പുത്തൻപുരയിൽ

F. ജോൺ കെ.വി., കുറുപ്പുംചേരിൽ

G. പൗലോസ്, പൂവത്തുംകുന്നേൽ

H. അനൂപ് റ്റി.എസ്., തെക്കേൽ
I. ജോസ് പി., പൂവത്തുങ്കൽ
J. ജെയിംസ്, കളപ്പുരയിൽ
K. ശ്രീകുമാർ, ഈട്ടികാനത്തിൽ
L. പ്രസാദ്, ഒറ്റപ്ലാക്കൽ
M. ജോസഫ് എൻ.പി., നാറാണത്ത്

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/05-09-2024ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമസഭ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് വരും ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകൃതമാക്കേണ്ടതാണ്. മേൽപദ്ധതിച്ചെലവിൽ ശ്രീ.ജോർജ്ജ് കാരമയിൽ എന്ന വ്യക്തിക്ക് അധിക തുക നൽകിയതുമായി ബന്ധപ്പെട്ട് നിരാകരിച്ച ₹40500/- (ഖണ്ഡിക 1-24 കാണുക) ഒഴികെ ബാക്കി തുകയായ ₹309500/- (350000-40500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 സംയോജിത കൃഷിയിടം - സബ്സിഡി മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചില്ല

നിർവ്വഹണം	കൃഷി ഓഫീസർ
പദ്ധതി	സംയോജിത കൃഷിയിടം
അടങ്കൽ₹	130000(പൊതു വിഭാഗം സാധാ.വിഹിതം)
ചെലവ്₹ ബിൽ നമ്പർ ,തീയതി,തുക₹	(130000) 23100552013001087829 18/01/2024/60000 23100552013001499284 24/03/2024/60000 23100552013001499360 24/03/2024/10000

മേൽ പദ്ധതിയിൽ പതിമ്മൂന്ന് ഗുണഭോക്താക്കൾക്ക് ₹10,000/- വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം അവശ്യം ഉണ്ടായിരിക്കേണ്ട താഴെ സൂചിപ്പിക്കുന്ന അർഹതാ മാനദണ്ഡങ്ങൾ ഗുണഭോക്താക്കൾക്ക് ഉള്ളതായ രേഖകളോ നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ അപേക്ഷയിൽ ഇല്ല.

1. സംയോജിത ഫാം പ്ലാൻ തയ്യാറാക്കണം.

2. നിലവിലുള്ള വിളകൾക്ക് പുറമേ പുതിയതായി മൂന്ന് വിളകൾ, കന്നുകാലി വളർത്തൽ, മത്സ്യകൃഷി മുതലായവ ചേർക്കേണ്ടതാണ്.

3. നിലവിലുള്ള കൃഷി വിപുലപ്പെടുത്തുന്നതിനു പുറമേ സംയോജിത കൃഷിയിൽ പുതിയ വിളകളും ഘടകങ്ങളും ഉൾപ്പെടുത്തണം.

4. ഇതേ പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടാവരുത്.

മേൽ സൂചിത ഘടകങ്ങൾ ഗുണഭോക്താവ് പാലിച്ചതായ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമല്ല. കൂടാതെ സ്വന്തമായി കുറഞ്ഞത് പത്ത് സെന്റ് സ്ഥലം ഉള്ള ആളാവണം എന്ന മാനദണ്ഡം പാലിക്കാതെ നിലത്തിന്റെ പാട്ടക്കരാർ ലഭ്യമാക്കിയ രാജു കെ.ഇ, കോയിക്കൽ വീട്ടിൽ എന്ന വ്യക്തിക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/07-09-2024 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ചെലവായ ₹130000/- തടസ്സപ്പെടുത്തുന്നു.

1-27 താൽക്കാലിക ജിവനക്കാരുടെ കരാർ വർഷാവർഷം പുതുക്കുന്നില്ല

എൻ ആർ എച്ച് എം ഹോമിയോ ഡിസ്പെൻസറി അരിക്കുഴയിലെ താൽക്കാലിക ജീവനക്കാരിയായ (ഓഫീസ് അറ്റൻഡന്റ്) ഷൈലജ റ്റി.എസ്., സിദ്ധ ഡിസ്പെൻസറിയിലെ താൽക്കാലിക ജീവനക്കാരിയായ (ഓഫീസ് അറ്റൻഡന്റ്) ശ്രീമതി. സിന്ധു പി.വി. എന്നിവർക്ക് തനത് ഫണ്ടിൽ നിന്ന് താഴ സൂചിപ്പിക്കും പ്രകാരം പ്രതിമാസം ₹10000/- വീതം വേതനം നൽകി വരുന്നു.

ഇതിൽ ശ്രീമതി സിന്ധു പി.വി. എന്നയാൾ അരിക്കുഴ എൻഎച്ച്എം സിദ്ധ ഡിസ്പെൻസറിയുടെ 30-05-2016 ലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ടിയാൾ പഞ്ചായത്തുമായി കരാറിലേർപ്പെടുകയോ പുതുക്കുകയോ ചെയ്യുന്നില്ല. 2013 മുതൽ എൻആർഎച്ച്എം ഹോമിയോ ഡിസ്പെൻസറി അരിക്കുഴയിലെ പാർട്ട് ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഷൈലജ റ്റി.എസ്. നിലവിൽ ഇതേ ഡിസ്പെൻസറിയിൽ ഓഫീസ് അറ്റൻഡർ എന്ന തസ്തികയിൽ വേതനം വാങ്ങുന്നുണ്ട്. ടിയാൾ പാർട്ട് ടൈം സ്വീപ്പർ എന്നതിൽ നിന്ന് ഓഫീസ് അറ്റൻഡർ എന്ന തസ്തികയിലേക്ക് തസ്തിക മാറ്റം നടത്തിയതിന്റെയോ ഇരു തസ്തികകളിലും കരാർ ചമച്ച് ജോലിയിൽ പ്രവേശിച്ചതിന്റെയോ രേഖകളില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നാളിതു വരെ താൽക്കാലിക ജീവനക്കാർക്ക് കരാർ ചമക്കുന്നതിനോ പുതുക്കുന്നതിനോ നിർദ്ദേശം നൽകാതെ ജോലിയിൽ വർഷങ്ങളായി തുടരാൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>1-28 ഹോമിയോ മരുന്നുകൾ നാളിതുവരെയും ലഭ്യമായില്ല</u>.

ഗ്രാമപ്പഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം വിതരണ ഏജൻസികൾക്ക് (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഹോംകോ ആലപ്പുഴ, ആയുർധാര തൃശൂർ) മുൻകൂറായി തുക കൈമാറിയിട്ടുണ്ട്. നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ ടി സ്ഥാപനങ്ങൾ വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം, പേര്	കൈമാറിയ തുക, ബിൽ നം./ തീയതി	തുക ലഭ്യമായ രസീത് നമ്പർ തിയതി
137/24 അരീക്കുഴ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	₹150000/-23100552013200941211/05.12.23	8566/02.02.24
32/24 ഹോമിയോ നെടിയശാല, ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ	₹150,000/- 23100552013200941206/05.12.23	8565/01.02.24
33/24 പാലിയേറ്റീവ് കെയറിന് മരുന്നുവാങ്ങൽ	₹50,000/- 23100552013200941209/05.12.23	8567/02.02.24
ആകെ	350000	

മരുന്നുവാങ്ങൽ പദ്ധതികൾ മുഖേന രോഗികൾക്ക് ആവശ്യമായ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-29 തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല

ബിൽ നമ്പർ, തിയതി, തുക – 2310055201350153229б/25.03.24, ₹10000/-

പത്താംതരം തുല്യതാപഠനത്തിന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പഠിതാക്കളുടെ വിഹിതമായി ₹10000/- സംസ്ഥാന സാക്ഷരതാ മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതായി പ്രോഗ്രാം ഓഫീസർ അറിയിച്ചിട്ടില്ല. പഠിതാക്കളുടെ വിശദാംശങ്ങൾ, അവർ ഏത് തരം വരെ പഠിച്ചിട്ടുണ്ട്, വിജയിച്ചവരുടെ വിവരങ്ങൾ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മാത്രമല്ല, 6 പഠിതാക്കൾക്കായി ആകെ ₹14300/- ആണ് അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ പ്രോജക്ടിൽ വകയിരുത്തിയതും ചെലവഴിച്ചതും ₹10000/- മാത്രമാണ്. (4x2600=10400/-, 2x1950=3900 ആകെ ഒടുക്കേണ്ടിയിരുന്നത് ₹14300/-). പിന്നീട് തുക തികയുകയില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 24.02.24 ലെ കമ്മറ്റി 3-ാം തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്നും ടി തുക അടവാക്കുവാൻ തീരുമാനിച്ചെങ്കിലും 08.08.24 ൽ മാത്രമാണ് നൽകിയത്. ടി തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഒടുക്കുവാൻ ബാക്കിയായ ₹4300/-യുടെ റിവൈസ്ഡ് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.23/10.09.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല

ബിൽ നമ്പർ, തിയതി, തുക -2310055201350153229б/25.03.24, ₹ 71250/-

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നീ ഉപകരണങ്ങൾ ജെയ്സൺ ഇംപക്സ്, പാല എന്ന വ്യക്തിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങളുടെ വിലയായി ₹71250/- നൽകിയിട്ടുണ്ട്. എന്നാൽ ബിൽ, ടാക്സ് ഇൻവോയിസ് തുടങ്ങിയ രേഖകൾ ഹാജരാക്കിയില്ല. ഫർണ്ണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന മാത്രമാണ് വിതരണം ചെയ്യേണ്ടത്. ആയതിന്റെ രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.22/10.09.24)

മറുപടി ലഭ്യമാക്കിയില്ല. അവശ്യരേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹71250/- തടസ്സപ്പെടുത്തുന്നു.

1-31 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നം./ തീയതി	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
- കെ. എസ്. ഇ .ബി. ഇലക്ട്രിക്കൽ വിഭാഗം	അരിക്കുഴ കൊതകുത്തം കടവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	23100552016801086734/18.01.24	25000	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
കെ. എസ്. ഇ .ബി. ഇലക്ട്രിക്കൽ വിഭാഗം	അരിക്കുഴ ആറ്റിനാൽ കടവ് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ	23100552016801098104/20.01.24	25000	०	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
		ആകെ	50000		

പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ₹50000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര് /നം.	ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ, 34/24
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം
അടങ്കൽ തുക	₹450000, മെയിന്റനൻസ് ഫണ്ട്, റോഡിതരം
ചെലവ് തുക, ബിൽനം, തീയതി	₹450000/-, 2/15.12.2023

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ₹450000/- നിർവഹണോദ്യോഗസ്ഥൻ ആയുർധാര ഫാർമസ്യൂട്ടിക്കൽസ്, തൃശൂരിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. ആയതിൽ ഇൻവോയിസ് നമ്പർ G000379/27.3 പ്രകാരം ₹342122/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹107878/-യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/7.9.2024) ലഭ്യമായ മറുപടിയിൽ ₹107878/-യുടെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ഡിസ്പെൻസറിയിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് പുതിയ ബാച്ച് മരുന്നുകളാണ് സ്ഥാപനത്തിൽ വരുത്തുന്നതെന്നും ബാക്കി തുകയുടെ പുതിയ ബാച്ച് മരുന്നുകൾ എത്രയും വേഗം എത്തിച്ചു തരുമെന്ന് ആയുർധാര ഫാർമസ്യൂട്ടിക്കൽസ് അറിയിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1-33 ഓഡിറ്റ് ഇംപാക്ട്

1) മേഴ്സി ഹോസ്പിറ്റൽ വഴിത്തലയുടെ 2023-24, 2024-2025 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ ₹1000/- ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (7/4.9.2024) രസീത് നമ്പർ 1240100815/G060705 തീയതി 5.9.2024 പ്രകാരം പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

2) 2023-24 രണ്ടാം അർദ്ധവർഷത്തിലെ ഡോ. പി.വി നരേന്ദ്രൻസ് വെറ്റിനറി ക്ലിനിക് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായ ₹4104/- ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (6/4.9.2024) രസീത് നമ്പർ 1240100813/G060705 തീയതി 5.9.2024 പ്രകാരം പഞ്ചായത്തുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി -അധിക തുക ആനുകൂല്യം നൽകിയതിനാൽ നഷ്ടം ₹70500/-

നിർവ്വഹണം	കൃഷി ഓഫീസർ	
പദ്ധതി	ഞങ്ങളും കൃഷിയിലേക്ക്-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 21	ഞങ്ങളും കൃഷിയിലേക്ക്-തരിശ് നെൽകൃഷിക്ക് സബ്സിഡി
അടങ്കൽ₹	350,000/- വികസന ഫണ്ട് പൊതു വിഭാഗം (150,000/-), ബ്ലോക്ക് പഞ്ചായത്ത്(150,000/-), ജില്ലാ പഞ്ചായത്ത്(50,000/-)	30,000/- (വികസന ഫണ്ട് പൊതു വിഭാഗം)
ചെലവ്₹	350,000/-	30,000/-
ബിൽ നമ്പർ,തീയതി,തുക₹	231005000000026245/05-03-2024/50000(12500) 231005520130006722249/12-10-2023/40500(39000) 231005520130010878839/18-01-2024/49375 231005520130014992269/24-03-2024/60125 231005520130006742246/18-10-2023/40500(39000) 231005520130010748882/16-01-2024/49375	231005520130014993332/24-03-2024/30,000

	23100552013001269629/23-02-2024/60125	

നെൽകൃഷി നടത്തുന്ന വ്യക്തികൾക്ക് ഒരുപ്പൂ കൃഷിക്ക് ഹെക്ടറിന് ₹25,000/- വീതം പരമാവധി ₹50,000/- ആണ് നൽകാവുന്നത്. പാട്ടക്കൃഷി നടത്തുന്ന പക്ഷം ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. പാട്ടത്തിനെടുത്ത ഭൂമി ഒരേ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്. പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. മണക്കാട് ഗ്രാമപഞ്ചായത്തിൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയപ്പോൾ ശ്രീ ജോർജ്ജ് മാത്യു, കാരാമയിൽ എന്ന വ്യക്തിക്ക് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികതുക ആനുകൂല്യം നൽകിയിട്ടുണ്ട്. ടി വ്യക്തിയുടെ ആനുകൂല്യം ലഭ്യമാകുന്നതിന് കൃഷിഭവനിൽ ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചപ്പോൾ ടിയാൾ ഹാജരാക്കിയ പാട്ടഭൂമിയുടെ രേഖകൾ പ്രകാരം മൂന്ന് വ്യക്തികളുടെ (നിലം) ഭൂമി ആകെ 0.928 Ha ആണ് കൃഷി ഭൂമി ആയി കാണിച്ചിട്ടുള്ളത്. ആയത് മുഴുവൻ കൃഷി ചെയ്താൽ നൽകാവുന്ന ആനുകൂല്യം 0.928x25000= 23,200/- മാത്രമാണ്. എന്നാൽ അപേക്ഷയിലുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം ആനുകൂല്യത്തുക ₹5962/- മാത്രമാണ്. ടിയാൾക്ക് വിവിധ ബില്ലുകൾ പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതിയിൽ ₹90500/-, തരിശ് ഭൂമിയിലെ കൃഷി പദ്ധതിയിൽ ₹30,000/- എന്നിങ്ങനെ സബ്സിഡിയായി ആകെ ₹120,500/- നൽകിയിട്ടുണ്ട്. തരിശ് ഭൂമിയിലെ കൃഷിക്ക് അപേക്ഷയോ മൂന്ന് വർഷമായി കൃഷി ചെയ്യാത്ത ഭൂമിയിൽ കൃഷി ചെയ്തു എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോ ലഭ്യമല്ല. ടി വ്യക്തി വർഷത്തിൽ രണ്ട് കൃഷി ചെയ്തോ എന്നത് സംബന്ധിച്ച് സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഇല്ല. ഗ്രാമസഭയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ടി വ്യക്തിയുടെ പേര് തരിശ് നെൽകൃഷി ഗുണഭോക്താവായി ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം മാത്രമാണ് ഉള്ളത്. കൂലിച്ചെലവിനത്തിൽ പരമാവധി നൽകാവുന്ന ₹50,000/- (2 ഹെക്ടറിന്)- കിഴിച്ച് ബാക്കി ₹70,500/- ആനുകൂല്യം അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നെൽകൃഷി അന്യം നിന്ന് പോകുന്ന സാഹചര്യത്തിൽ ടി വ്യക്തി നെൽ വയലുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നുവെന്നും പഞ്ചായത്തിലെ നെൽക്കൃഷിക്കാർക്ക് പ്രചോദനം ആകട്ടെ എന്നു കരുതിയാണ് സബ്സിഡി പ്രകാരമുള്ളതാലും അധിക തുക ആനുകൂല്യമായി നൽകിയതെന്നുമുള്ള തികച്ചും നിരുത്തരവാദപരവും ബാലിശവുമായ മറുപടിയാണ് കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. മനപൂർവ്വം സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ടുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ ടി നടപടി ഔദ്യോഗിക കൃത്യനിർവ്വഹണ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടികൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ടോ എന്നതു സംബന്ധിച്ചും ടി ഉദ്യോഗസ്ഥന്റെ മറ്റ് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടും വകുപ്പുതല അന്വേഷണം ശുപാർശ ചെയ്യുന്നു. നെൽകൃഷിക്ക് കൂലിച്ചെലവുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളിലായി അധികമായി നൽകിയ ആനുകൂല്യം ₹70,500/- (40500 + 30000) നഷ്ടോത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾ

വിഹിതം നൽകിയ സ്ഥാപനം	തൻവർഷം ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ജില്ലാ പഞ്ചായത്ത്	170000	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസ്കോളർഷിപ്പ് (55/24)	170000	0
	160000	ലൈഫ് മിഷൻ ഭവന നിർമ്മാണം – ജനറൽ (47/24)	160000	0
	50000	ഞങ്ങളും കൃഷിയിലേയ്ക്ക് - നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി (20/24)	50000	0
	1560240	ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി.പി (50/24)	1560240	0
	352500	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (71/24)	352500	0
	746934	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (46/24)	746934	
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്	360000	ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി.പി (50/24)	360000	0
	1560240	ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി.പി (50/24)	1560240	0
	150000	ഞങ്ങളും കൃഷിയിലേയ്ക്ക് - നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി (20/24)	150000	0
	117500	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (71/24)	117500	0
	9609	ജവഹർ ഭവനപദ്ധതി വായ്പ പലിശ തിരിച്ചടവ് (18/24)	9609	0

4-2 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നം./ തീയതി	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
- ഇലക്ട്രിക്കൽ	അരീക്കുഴ കൊതകുത്തം	2310055201680108673 4/18.01.24	25000	0	വിനിയോഗ സാക്ഷ്യപത്രം

വിഭാഗം	കടവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ				ലഭ്യമാക്കിയില്ല
- ഇലക്ട്രിക്കൽ വിഭാഗം	അരീക്കുഴ ആറ്റിനാൽ കടവ് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ	23100552016801098104/20.01.24	25000	०	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

4-4 വായ്പ വായ്പാ തിരിച്ചടവ്

തൻവർഷം വായ്പ ഇനത്തിൽ ₹9012897/- വരവ് ഉണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷ വായ്പ തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
					മുതൽ	പലിശ	
ജവഹർ ഭവന പദ്ധതി – മുതൽ തിരിച്ചടവ്	സ.ഉ.നം 1577/2018, തീ.27/05/2015	2000000	1060885	ഇല്ല	50000	59609	1010885
ലൈഫ് ഭവന പദ്ധതി	ജി.ഒ(എം.എസ്) 68/18, എൽ.എസ്.ജി.ഡി തീ.18.05.2018		6408935	2559200+44762	1289173	0	7723724

പ്രോജക്ക് നം. 17/24 പ്രകാരം ജവഹർ ഭവനപദ്ധതിയുടെ വായ്പ മുതൽ ₹50000/-യും, പ്രോജക്ക് നം. 18/24 പ്രകാരം പലിശ ₹59609/- യും തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത	ലഭ്യമാക്കിയില്ല

				ഗുണഭോക്താക്കൾക്ക് ധനസഹായം – ₹18,334/-	
2012-13	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4 (11 മുതൽ 25 വരെ) പേജ് നം. 18, 19)	ലഘു അവലോകനം ഫ്രണ്ട് ഓഫീസ് സംവിധാനം	-ടി-
2015-16	2-1	2016-17	അനുബന്ധം-4	തൊഴിൽ നികുതി – അപാകതകൾ	-ടി-

4-8 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	19251388.60
ഓഡിറ്റ് വർഷത്തെ ആകെ വരവ്	31182945.00
ആകെ	50434333.60
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	26822974.00
നീക്കിയിരിപ്പ്	23611359.60
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	70500.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	610750.00

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-24	--	70500	ശ്രീമതി സിമോണി ജോസ്, കൃഷി ഓഫീസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	50000	ശ്രീമതി. അനു സുധാകരൻ, വെറ്ററിനറി സർജൻ

1-25	309500	ശ്രീമതി. സിമോണി ജോസ്, കൃഷി ഓഫീസർ
1-26	130000	ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി
1-30	71250	ശ്രീമതി. കെ.കെ. ഉഷ, ഹെഡ്മിസ്ട്രസ്
1-31	50000	ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി
ആകെ	610750	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സിമോണി ജോസ്, കൃഷി ഓഫീസർ	മണക്കാട് ഗ്രാമപഞ്ചായത്ത്	പൊട്ടൻപ്ലാവിൽ വീട്, കരിങ്കുന്നം പി.ഒ.
ശ്രീമതി എ.ആർ ഉഷ, സെക്രട്ടറി	സെക്രട്ടറി, മണക്കാട്ഗ്രാമപഞ്ചായത്ത്	പുത്തൻപുരയിൽ വീട് മൂലമറ്റം പി.ഓ
ശ്രീമതി ഉഷ കെ.കെ.	ഹെഡ്മിസ്ട്രസ്, എൻ.എസ്.എസ്.ജി.എൽ.പി.എസ്, ചിറ്റൂർ	കുഴിച്ചാലിൽ, തൊടുപുഴ ഈസ്റ്റ് പി.ഓ
ശ്രീമതി. അനു സുധാകരൻ	വെറ്ററിനറി സർജൻ, മണക്കാട് ഗ്രാമപഞ്ചായത്ത്	നടുവിലേടത്ത്, കുമാരമംഗലം

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നമ്പർ
2006-2007	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2006-07 തീ.02.09.22	2	3-3, 3-11
2007-08	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2007-08 തീ.02.09.22	2	2-2, 3-10
2008-09	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2008-09 തീ.02.09.22	1	3-2
2009-10	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2009-10 തീ.02.09.22	4	3-3, 3-10, 3-11, 3-12
2010-11	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2010-11 തീ.02.09.22	1	3-2

2011-2012	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2011-12 തീ.02.09.22	1	3-10
2016-17	കെ. എസ്.എ-ഐ.ഡി.കെ-7/1308/17 തീ.12.01.2018	2	2-4, 3-1
2012-13&13-14	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2012-13&13-14-08 തീ.02.09.22	1	2-2
2014-15	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2014-15 തീ.02.09.22	1	2-1
2015-16	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 20015-16 തീ.02.09.22	5	2-1, 2-3, 3-1, 3-4, 3-5
2016-17	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2016-17 തീ.02.09.22	5	2-4, 3-1, 3-2, 3-3, 3-7
2017-18	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2017-18 തീ.02.09.22	1	3-2
2018-19	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2018-19 തീ.02.09.22	4	1-14, 1-16, 1-17, 2-1
2019-20	കെ.എസ്.എ.ഐ.ഡി.കെ-11/309/2022 തീ. 22.04.22	5	1-14, 1-17, 1-18, 1-19, 1-20
2020-21	കെ.എസ്.എ.ഐ.ഡി.കെ-11/289/2022 തീ. 27.04.22	8	1-10, 1-15, 1-16, 1-17, 1-18(1, 3), 1-19, 1-20, 4-8
2021-22	കെ.എസ്.എ.ഐ.ഡി.കെ.പി.6-351/2023	16	1-1 മുതൽ 1-16 വരെ
2022-23	കെ.എസ്.എ.ഐ.ഡി.കെ.പി.6-28/2024	14	1-10 മുതൽ 1-17, 1-19, 1-20, 1-21, 1-22, 1-23, 4-7

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 29-06-2024 and submitted on 29-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Manakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Manakkad Grama Panchayat as on 31-03-2024

Date: 26/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Manakkad Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) Non inclusion of notes to accounts in financial statenents and non disclosure of material facts.

2) Cash flow statement âÂ□Â□ net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Asset register does not reliable for audit as it is not updated.

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) Cheques remain uncashed for more than 3 months were not transferred to stale cheque account.

6) Grant liability amount shown as liability in balance sheet doesnot match with bank account opened for the specified grant account.

7) Misclassification of payment vouchers.

8) B-5 and B-16 Schedule- Secured loan amount in B-5 schedule does not match with prepaid expense shown in B-16 Schedule.

9) Repayment of loan amount does not included in AFS.

10) CFC grant amount in the expenditure statement differ from AFS.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്